തീർച്ചയായും പരിഗണിക്കുന്നതാണ്. ഒരു അപേക്ഷപോലും ഇതുവരെ വന്നിട്ടില്ലായെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ബജാർഡ് തന്നെ ഇതിനു അനുമതി തന്നിട്ടുണ്ട്. അതു ചെയ്യാതെ സമരവും കുഴപ്പവും ഉണ്ടാക്കുന്നത് ശരിയല്ല. ബാങ്ക് നിലനിൽക്കണം. ബാങ്ക് നിലനിൽക്കണമെങ്കിൽ വായ്പ അടയ്ക്കാതെ സാധിക്കുകയില്ല. ബാങ്കിലുള്ള പണം തിരിച്ചടയ്ക്കാതിരിക്കുകയാണെങ്കിൽ എങ്ങനെയാണ് അടുത്ത സഹകാരണവർഷം വായ്പ കൊടുക്കാൻ സാധിക്കുന്നത്? അതുകൊണ്ട് ഗവൺമെന്റ് വിചാരിച്ചാൽ പെട്ടെന്ന് സ്റ്റേ കൊടുക്കുവാൻ കഴിയുകയില്ല. തീർച്ചയായും അവർ പണം തിരിച്ചടയ്ക്കണം. കുടിശ്ശിക 25 ശതമാനത്തിൽ കുറയ്ക്കണം. ഇന്ന് അവരുടെ കുടിശ്ശിക വളരെ കൂടുതലാണ്. ഇപ്പോഴും 54 ശതമാനം കുടിശ്ശിക വന്നിരിക്കുകയാണ്. അപ്പോഴും ഇന്ന് അവർ കൊടുക്കുന്നത് വളരെ ചെറിയ വായ്പയാണ്. അതുകൊണ്ട് വളരെ ചെറിയ വായ്പ മാത്രമേ അടുത്തവർഷം കൊടുക്കാൻ കഴിയുകയുള്ളൂ. ഇത് ബാങ്കിനെ നശിപ്പിക്കുന്ന നടപടിയാണ്. അതുകൊണ്ട് ബഹുമനപ്പെട്ട എം.എൽ.എ.കൂടി സഹകരിച്ച് ബാങ്കിലെ കുടിശ്ശിക തിരിച്ചടപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(7) തൃശ്ശൂർ ടൗൺ എസ്.ഐ.ബാബുവിന് എൻ. ഒ. സി. നൽകൽ

ശ്രീ. വി.കെ. രാജൻ: സർ, ഞാൻ ഇവിടെ രണ്ടു കാര്യങ്ങളെ സംബന്ധിച്ചാണ് സബ്മിഷൻ കൊടുത്തിരിക്കുന്നത്. ഒന്ന്, തൃശ്ശൂർ ടൗണിലെ എസ്.ഐ.ശ്രീ.വി.ജി.ബാബുവിനെ സംബന്ധിച്ചുള്ളതാണ്. അദ്ദേഹം ഇപ്പോൾ അമേരിക്കയിലേക്ക് പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന് എൻ.ഒ.സി. കൊടുക്കരുത്. അമേരിക്കയിലേക്ക് അയയ്ക്കരുത്. അദ്ദേഹം രണ്ടു കേസ്സിലെ പ്രതിയാണ്. ഒരു കേസ്സിൽ രണ്ടു ലക്ഷം രൂപ കോടതിയിൽ കെട്ടിവയ്ക്കണമെന്ന് വിധിയായിരിക്കുകയാണ്. ആനന്ദവല്ലിയുടെ മർത്തവ് മോഹൻ എന്ന ശശീന്ദ്രൻ, അദ്ദേഹത്തിന്റെ അമ്മ പൊന്നു എന്ന ശാന്തമ്മ എന്നിവർ എസ്. ഐ. കാരണം ആത്മഹത്യ ചെയ്ത കേസ്സിന്റെ തുടർന്നുണ്ടായ കേസ്സിലാണ് സബ്കോടിയിൽനിന്ന് രണ്ടു ലക്ഷം രൂപ കെട്ടിവയ്ക്കാൻ പറഞ്ഞിരിക്കുന്നത്. മറ്റൊരു കേസ്സ് ജി.വി. ട്രാൻസ്പോർട്ടിലെ ഒരു ജീവനക്കാരനായ തൊഴുവൻ എഴുത്തച്ഛന്റെ സ്റ്റേഷനിൽവച്ചും ബസ്സ് സ്റ്റാൻഡിൽവച്ചും മർദ്ദിച്ചതിനെ സംബന്ധിച്ച് അദ്ദേഹം കൊടുത്ത ഒരു പ്രൈവറ്റ് അന്യായമാണ്. ഈ എസ്.ഐ.ആട്ടാസത്തരം വിളിച്ചു പറയുന്ന ഒരു എസ്.ഐ.യാണ്. അതിന് ഒരു ഉദാഹരണം ഞാൻ പറയാം. കഴിഞ്ഞ പോളിടെക്നിക്ക് സമരകാലത്ത് കേരളവർമ്മ കോളേജിലെ എം.എ.വിദ്യാർത്ഥിനികളെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടു വന്ന് അവരുടെ മുൻഭാഗം വച്ച് പാന്റഴിച്ചിട്ട് നഗ്നത പ്രദർശിപ്പിച്ചു. ഇതിലേറെ ആട്ടാസം ഒരു മനുഷ്യനു കാണിക്കാൻ കഴിയുമോ? അദ്ദേഹം ഒരു വിളിപിടിച്ച മൃഗമാണ്. ഇയാൾക്ക് പോലീസ് ട്രെയിനിംഗ് കൊടുത്തത് ബോംബെയിലെ വേശ്യത്തെരുവിൽനിന്നാണെന്നു തോന്നുന്നു. അങ്ങനെയുള്ള എസ്.ഐ.യ്ക്ക് എൻ.ഒ.സി. കൊടുക്കരുത്. അതുപോലെ നിരവധി ആളുകളെ അദ്ദേഹം തല്ലിയിട്ടുണ്ട്.

വലപ്പാട് പോലീസ് സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടർ, സുരേന്ദ്രൻ എന്നു പറയുന്ന എന്നെ പാർട്ടിയിൽപ്പെട്ട ഒരാളെ സ്റ്റേഷനിലേക്ക് വിളിച്ചു. സുരേന്ദ്രൻ പോലീസ് സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെന്ന സമയത്ത് സർക്കിൾ ഇൻസ്പെക്ടർ ഉണ്ടായിരുന്നില്ല. ആ സുരേന്ദ്രനെ വലപ്പാട് പോലീസ് സ്റ്റേഷനിലെ ഹെഡ്കോൺസ്റ്റബിൾ ഗോപി എന്നയാൾ മൃഗീയമായി മർദ്ദിച്ചു. അയാൾ ആശുപത്രിയിൽ കിടന്നു. നാളിതുവരെ നടപടി എടുത്തിട്ടില്ല. ഈ രണ്ടു കാര്യങ്ങളിലും പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, ഇവിടെ റഫർ ചെയ്ത രണ്ടു കാര്യങ്ങളിൽ ഒന്ന്, ഒരു കളവു കേസ്സിൽ സംശയിക്കപ്പെടുന്ന പ്രതി എന്നു പറഞ്ഞ് അന്വേഷിക്കാൻവേണ്ടി സ്റ്റേഷനിൽ ചെല്ലാൻ പറഞ്ഞിട്ട് ചെല്ലാൻ കൂട്ടാക്കാത്തതിന്റെ പേരിൽ നടപടി സ്വീകരിക്കുന്ന അവസരത്തിൽ അവർ അവിടെനിന്ന് പോയി തമിഴ് നാട്ടിൽ ചെന്ന്, ആത്മഹത്യ ചെയ്തതായിട്ടാണ് വിവരം കിട്ടിയിരിക്കുന്നത്. അതുപോലെ രണ്ടാമത്തെ കേസ്സിലെ പ്രതിയെ അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കിയതിനുശേഷം ലോക്കപ്പിൽ വച്ച് മർദ്ദിച്ചു എന്നുള്ളതാണ് കേസ്. ഏതായാലും ഞാൻ കേസ്സിന്റെ മെരിറ്റിലേക്ക് പോകുന്നില്ല. ഒരാൾക്ക് വിദേശത്തേക്കു പോകാൻ നിയമപരമായി തടസ്സമുണ്ടെങ്കിൽ ആ തടസ്സം നീക്കി പോകാൻ സമ്മതിക്കുകയില്ല. സാധാരണഗതിയിൽ പാസ്പോർട്ടു കിട്ടാൻ നിയമപ്രകാരം അവകാശമുണ്ടെങ്കിൽ അത് തടയാൻ പറ്റുകയില്ല. എന്തായാലും ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

(8) ഭവാനിപുഴയിൽ പാലം നിർമ്മിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട്

ശ്രീ. പി. കുമാരൻ: സർ, അട്ടപ്പാടിയിൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഒരു പഞ്ചായത്താണ് പുതൂർ പഞ്ചായത്ത്. ആ പഞ്ചായത്തിലേക്ക് പോകുന്ന കോട്ടത്തറ—പുതൂർ റോഡിൽ ചാവടിയൂരിൽ ഭവാനിപ്പുഴയ്ക്ക് കുറുകെ ഒരു നിലപതി —കോസ്വേ ആണ് ഇപ്പോഴുള്ളത്. ഈ നിലംപതി കടക്കുന്ന സമയത്ത് മോഹൻദാസ് എന്നൊരു ചെറുപ്പക്കാരൻ കഴിഞ്ഞയാഴ്ച ഒഴുകിപ്പോയി. ഇത് ആദ്യത്തെ സംഭവമല്ല. കഴിഞ്ഞവർഷം ഒരു ഭാര്യയും ഭർത്താവുംകൂടി ഒഴുകിപ്പോയി മരണപ്പെട്ടു. ഇതുപോലുള്ള സംഭവം മേലിൽ ഉണ്ടാകാതിരിക്കാൻ അടിയന്തിരമായി ആ പാലം പുതുക്കിപ്പണിയണം, കൈവരികളും സ്ഥാപിക്കണം, മരിച്ച മോഹൻദാസിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുകയും വേണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, കോട്ടത്തറ—പുതൂർ റോഡിൽ ഭവാനിപ്പുഴയ്ക്ക് കുറുകേയുള്ള കോസ്വേ ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടാക്കിയതാണ്. ഇന്നും യാതൊരു കേടുമില്ലാതെ സുരക്ഷിതമായി നിൽക്കുന്ന ഒരു കോസ്വേയാണ് അത്. അതിന്റെ ഇടയിൽകൂടി പൈപ്പ് ഇട്ടിരിക്കുകയാണ്. ആ പൈപ്പിനകത്ത് ചെളിയും മണ്ണും നിറഞ്ഞ് അടഞ്ഞതുമൂലം വെള്ളം അതിന്റെ മുകളിൽ നിൽക്കും. അങ്ങനെ വെള്ളം നിൽക്കുന്നതുകൊണ്ട് അത് പൊളിച്ചുമാറ്റണമെന്ന് പറഞ്ഞു. പൊളിച്ചുമാറ്റുന്നതിനു പകരം പൈപ്പിൽ കുടുങ്ങിയിട്ടുള്ള ചെളിയും മണ്ണും നീക്കുന്നതിന് അടിയന്തിര നടപടികളെടുക്കുന്നുണ്ട്. ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടാക്കിയ പാലമാണെങ്കിലും ഇന്ന് നമ്മൾ ഉണ്ടാക്കുന്ന പാലത്തേക്കാൾ വളരെ ഉറപ്പുള്ള പാലമാണ്. അത് ഒരു കോസ്വേയായിട്ടാണ് കാണുന്നത്. അതുകൊണ്ട് അത് പൊളിച്ചുമാറ്റി വേറെ പാലം ഉണ്ടാക്കേണ്ടതുണ്ട്

LIBRARY ARCHIVES Kerala Legislative Assembly